# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ.റ്റി.വി. IAS)**

ഉത്തരവ് നം. WEC-2/7250/21          തീയതി : 11/02/2022

വിഷയം: വനിതാ ശിശുവികസന വകുപ്പ്-'സഹായ ഹസ്തം' 2021-22 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം- അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1.സ.ഉ(സാ.ധാ)നം.406/2020/സാ.നീ.വ തീയതി 18/08/2020.
.2ഈ കാര്യാലയത്തിലെ 06/02/2021 ലെ WEC.2/4554/20 നമ്പർ സർക്കുലർ .
3.കൊല്ലം ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 30/12/2021 ലെ DWCDO /KLM/C-1051/21 നം. കത്ത്.
4. ആലപ്പുഴ ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 04/01/2022 ലെ WCD/ALP/A2-121//2021 നം. കത്ത്.
5. എറണാകുളം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 05/01/2022 ലെ DWCD/EKM/A3-1392/2021 നം. കത്ത്
6. പാലക്കാട് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 28/12/2021 ലെ DWCDO/PKD/1452/21 നം. കത്ത്
7. മലപ്പുറം ജില്ലാ വനിതാ ശിശുവികസന ഓഫീസറുടെ 14/01/2022 ലെ 1628/21 നം. കത്ത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതിയായ 'സഹായ ഹസ്തം' പദ്ധതി പ്രകാരം ഒരാൾക്ക് 30000/-രൂപ ക്രമത്തിൽ ഒറ്റത്തവണ ധനസഹായമായി ഒരു ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന പരമാവധി 10 ഗുണഭോക്താക്കൾ എന്ന രീതിയിൽ 14 ജില്ലകളിൽ നിന്നും 140 പേർക്ക് ധനസഹായം അനുവദിച്ച് നൽകുന്നതിന് 42,00,000/- രൂപ (നാൽപ്പത്തിരണ്ട് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ സഹായഹസ്തം പദ്ധതി പ്രകാരം ജില്ലാതലത്തിൽ അപേക്ഷ ക്ഷണിയ്ക്കുന്നതിന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അതാത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് & ഇവാലുവേഷൻ കമ്മിറ്റി തെരെഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേര് വിവരം ഉൾപ്പെടുന്ന ലിസ്റ്റ് ചുവടെ പറയുന്ന ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പരാമർശം (3) മുതൽ (7) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നം. | ജില്ല | ശുപാർശ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം | ആവശ്യപ്പെട്ട തുക |
|---|---|---|---|
| 1 | കൊല്ലം | 10 | 300000 |
| 2 | ആലപ്പുഴ | 10 | 296540 |
| 3 | എറണാകുളം | 10 | 300000 |
| 4 | പാലക്കാട് | 10 | 295000 |
| 5 | മലപ്പുറം | 10 | 300000 |
| | ആകെ | 50 | 1491540 |

മേൽവിവരിച്ച പ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ശുപാർശ ചെയ്ത ഗുണഭോക്താക്കളിൽ ഒരു ജില്ലയിൽ നിന്നും പരമാവധി 10 ഗുണഭോക്താക്കൾ എന്ന രീതിയിൽ 14,91,540/- രൂപ (പതിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി അഞ്ഞൂറ്റി നാൽപത് രൂപ മാത്രം) ധനസഹായം വിതരണം നടത്തുന്നതിലേയ്ക്കായി ചുവടെ പറയുന്ന ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ആവശ്യപ്പെട്ട തുക | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | കൊല്ലം | 300000 | 300000 |
| 3 | ആലപ്പുഴ | 296540 | 296540 |
| 4 | എറണാകുളം | 300000 | 300000 |
| 8 | പാലക്കാട് | 295000 | 295000 |
| 9 | മലപ്പുറം | 300000 | 300000 |
| | **ആകെ** | | 1491540 |

ഇതിലേയ്ക്കാവശ്യമായ ആകെ 14,91,540/- രൂപ (പതിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി അഞ്ഞൂറ്റി നാൽപത് രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-03(P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. പ്രസ്തുത തുക ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മാറി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്. തുക വിനിയോഗം സംബന്ധിച്ച് ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഉൾപ്പെടെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

പരാമർശം (1) സർക്കാർ ഉത്തരവിനും പരാമർശം (2) സർക്കുലറിനും വിധേയമായി മാത്രമെ ധനസഹായം അനുവദിച്ച് നൽകാവൂ. തെരഞ്ഞെടുത്ത ഗുണഭോക്തക്കളുമായി ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ എഗ്രിമെന്റ് വച്ചതിന് ശേഷം ധനസഹായം ഗുണഭോക്താവിന് അനുവദിച്ച് നൽകേണ്ടതാണ്. ആരംഭിക്കുന്ന തൊഴിൽ സംരംഭം സംബന്ധിച്ച ലഘുവിവരവും തൊഴിൽ സംരംഭം 5 വർഷമെങ്കിലും തുടരുമെന്ന വ്യവസ്ഥയും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. പരാമർശം (2) സർക്കുലറിലെ മറ്റ് നിബന്ധനകൾ പാലിക്കേണ്ടതാണ്.

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാരും ഗുണഭോക്താവിന്റെ പേര് വിവരം, തൊഴിൽ സംരംഭം എന്നിവ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ധനവിനിയോഗ സാക്ഷ്യപത്രം എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിതാ ശിശുവികസന ഡയറക്ടർ

ജില്ലാ വനിതാ ശിശുവികസന ഓഫീസർ, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം

പകർപ്പ്

(1) സൂപ്രണ്ട്, എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)
(2) സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ (Website ൽ പ്രസിദ്ധീകരിക്കുന്നതിനായി)
(3) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്